പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *061** | **01.11.2011-ൽ മറുപടിക്ക്**

## അർബുദ രോഗ മരുന്നുകൾക്ക് അമിത വില

**ചോദ്യം**

ശ്രീ. എസ്. ശർമ്മ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എസ്. രാജേന്ദ്രൻ :

**ഉത്തരം**

ശ്രീ. അടൂർ പ്രകാശ്
(ആരോഗ്യവും കയറും വകുപ്പ് മന്ത്രി)

(എ) അർബുദ രോഗികൾക്ക് ചികിത്സ ലഭിക്കുന്നതിന് മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രികൾ എന്നിവിടങ്ങളിൽ സൗകര്യം പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ;

(എ) ക്യാൻസർ രോഗികൾക്ക് അത്യാധുനിക രീതിയിലുള്ള മിക്കവാറും എല്ലാ ചികിത്സകളും എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ലഭ്യമാണ്. വർദ്ധിച്ചുവരുന്ന ക്യാൻസർ രോഗികളുടെ കണക്ക് അനുസരിച്ച് ഇത് അപര്യാപ്തവുമാണ്. ജില്ലാ ആശുപത്രികളിൽ അർബുദ രോഗ ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ പരിമിതമാണ്. ആരോഗ്യവകുപ്പിന്റെ കീഴിൽ എറണാകുളം ജനറൽ ആശുപത്രിയിൽ മാത്രമാണ് ക്യാൻസറിന് പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നത്. ഈ ആശുപത്രിയിലെ ക്യാൻസർ വിഭാഗത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും, പുതിയ ഉപകരണങ്ങൾ, കീമോ തെറാപ്പി മരുന്നുകൾ എന്നിവ വാങ്ങാനും 50 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്. കൂടാതെ കോഴഞ്ചേരിയിൽ മാസത്തിൽ ഒരുദിവസം ആർ.സി.സി.യിൽ നിന്നുള്ള ഡോക്ടർ രോഗികളെ പരിശോധിക്കുന്നുണ്ട്. ജില്ലാ ആശുപത്രികളിൽ ഒരിടത്തും ക്യാൻസർ രോഗത്തിനായി പ്രത്യേക ചികിത്സാ വിഭാഗം പ്രവർത്തിക്കുന്നില്ല. എന്നാൽ ക്യാൻസർ രോഗബാധിതരായവർക്ക് വേണ്ട സർജറികളും മറ്റു തുടർ ചികിത്സകളും പ്രധാന ആശുപത്രികളിൽ ലഭ്യമാണ്.

| | |
|---|---|
| (ബി) അര്‍ബുദ രോഗ ചികിത്സക്കാവശ്യമായ മരുന്നുകള്‍ക്ക് അമിത വില ഈടാക്കുന്നതു മൂലം പാവപ്പെട്ട രോഗികള്‍ക്ക് ചികിത്സ നടത്താന്‍ കഴിയാതെ ജീവന്‍ നഷ്ടപ്പെടുന്ന റിപ്പോര്‍ട്ടുകള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ട്. ക്യാന്‍സര്‍ ചികിത്സയ്ക്ക് ആവശ്യമായ ജീവന്‍ രക്ഷാ മരുന്നുകള്‍ കേരള മെഡിക്കല്‍ സര്‍വീസ് കോര്‍പ്പറേഷന്‍ ലിമിറ്റഡ് വഴി എല്ലാ സര്‍ക്കാര്‍ മെഡിക്കല്‍ കോളേജുകളിലും ലഭ്യമാക്കുന്നുണ്ട്. അതിനാല്‍ ചികിത്സ നടത്താന്‍ കഴിയാതെ രോഗികള്‍ മരണപ്പെടുന്ന സംഭവം മെഡിക്കല്‍ കോളേജുകളെ സംബന്ധിച്ച് നിലവിലില്ല. |
| (സി) വര്‍ദ്ധിച്ചുവരുന്ന അര്‍ബുദ രോഗികളെ ചികിത്സിക്കാനാവശ്യമായ ഡോക്ടര്‍മാര്‍ നിലവിലുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ? | (സി) നിലവില്‍ സര്‍ക്കാര്‍ മെഡിക്കല്‍ കോളേജുകളിലെ റേഡിയോ തെറാപ്പി വിഭാഗത്തില്‍ ക്യാന്‍സര്‍ ചികിത്സയില്‍ വൈദഗ്ദ്ധ്യമുള്ള ഡോക്ടര്‍മാരുടെ സേവനം ലഭ്യമാണ്. അഞ്ച് മെഡിക്കല്‍ കോളേജിലുമായി റേഡിയോ തെറാപ്പി വിഭാഗത്തില്‍ 39 തസ്തികകള്‍ അനുവദിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പില്‍ ക്യാന്‍സര്‍ ചികിത്സയ്ക്ക് സ്പെഷ്യലിസ്റ്റ് ഡോക്ടര്‍മാരുടെ അപര്യാപ്തതയുണ്ട്. എറണാകുളം ജനറല്‍ ആശുപത്രിയില്‍ മൂന്ന് റേഡിയോ തെറാപ്പിസ്റ്റുകളുടെ തസ്തിക നിലവിലുള്ളതില്‍ രണ്ട് ഡോക്ടര്‍മാര്‍ ഇപ്പോള്‍ ജോലി ചെയ്തുവരുന്നു. |

സെക്ഷന്‍ ഓഫീസര്‍